ഉത്തരം

(എ) തസ്തികയുടെ നിയമനം നൽകുന്നതിലേക്ക് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയ ലിസ്റ്റിൽ എച്ച്.എസ്.എസ്.റ്റി. (കൊമേഴ്സ്) തസ്തികയിലേക്ക് അർഹരായ 4 എച്ച്.എസ്.എ.-മാർ ശേഷിക്കുന്നു.

(ബി) നിലവിൽ ഒഴിവുകൾ ഇല്ല.

(സി) ബാധകമല്ല.

(ഡി) ഉണ്ട്. ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾ പ്രകാരം നേരിട്ടുള്ള നിയമനത്തിനായുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പി.എസ്.സി.-യിൽ നിന്നും നിയമന നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

ശമ്പളം ലഭിക്കാതെ ജോലി നോക്കുന്ന നഴ്സറി അദ്ധ്യാപകരും ആയമാരും

31 (1106) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ ശമ്പളമോ അലവൻസോ ലഭിക്കാതെ ജോലി നോക്കിവരുന്ന എത്ര നഴ്സറി അദ്ധ്യാപകരും ആയമാരും ഉണ്ട് ;

(ബി) ഇവർക്ക് ശമ്പളമോ അലവൻസോ നൽകാത്തത് എന്തുകൊണ്ടാണ് ; വിശദീകരണം നൽകുമോ ;

(സി) സർക്കാർ നഴ്സറി സ്കൂളിൽ പി.ടി.എ. മുഖാന്തരം അദ്ധ്യാപകരായോ ആയമാരായോ ആയി നിയമനം നൽകിയിട്ടുള്ളവർക്ക് പി.ടി.എ. ഫണ്ടിൽനിന്നും വേതനം നൽകേണ്ട എന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഡി) നഴ്സറി അദ്ധ്യാപകർക്കും ആയമാർക്കും വേതനം നൽകുന്നതിന് അനുവാദം ഇല്ലാത്തതിനാൽ ഈ സ്കൂളുകളുടെ പ്രവർത്തനം എപ്രകാരം മുന്നോട്ട് കൊണ്ടുപോകാൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) നിർദ്ദേശം നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചതനുസരിച്ച് നിശ്ചിത യോഗ്യതയുള്ള പ്രീ-പ്രൈമറി ജീവനക്കാർക്ക് 7-12-2012-ലെ സ.ഉ.(എം.എസ്) നമ്പർ 385/12/പൊ.വി. പ്രകാരം വർദ്ധിപ്പിച്ച നിരക്കിൽ, അദ്ധ്യാപകർക്ക് 5,000 രൂപയും ആയമാർക്ക് 3500 രൂപയും ഓണറേറിയം അനുവദിച്ചു. കൂടാതെ 1-8-2012-ൽ ഒരു വർഷത്തെ സർവ്വീസ് പൂർത്തിയാക്കിയ നിർദ്ദിഷ്ട യോഗ്യതയില്ലാത്ത പ്രീ-പ്രൈമറി ജീവനക്കാർക്കും കൂടി വർദ്ധിപ്പിച്ച നിരക്കിലെ ഓണറേറിയം സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 146/13/പൊ.വി.വ പ്രകാരം അനുവദിച്ചിട്ടുണ്ട്. 18-7-2014-ലെ സ.ഉ.(എംഎസ്.) 137/14/പൊ.വി.വ പ്രകാരം 1-8-2012-ൽ സർവ്വീസിൽ ഉണ്ടായിരുന്ന എല്ലാ ജീവനക്കാർക്കും ഓണറേറിയം അനുവദിക്കുകയുണ്ടായി. ഇപ്രകാരം സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി 7-12-2012 വരെ നിയമനം ലഭിച്ച യോഗ്യതയുള്ളവർക്കും 1-8-2012 വരെ ജോലിയിലിരുന്ന എല്ലാ ജീവനക്കാർക്കും ഓണറേറിയം നൽകുന്നുണ്ട്.

ആശ്വാസ് പദ്ധതി

32 (1107) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പാക്കുന്ന ആശ്വാസ് പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം സ്കൂളുകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുതപദ്ധതിയിലേക്ക് സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആശ്വാസ് പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തിലെ 9 ജില്ലകളിൽ നിന്നും 9 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. എന്നാൽ 2014-15 സാമ്പത്തിക വർഷത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒറ്റത്തവണ അധിക കേന്ദ്രസഹായമായി വകയിരുത്തിയിരുന്ന 2 കോടി രൂപ അനുവദിക്കാത്തതിനാൽ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ ഇടങ്ങാൻ സാധിച്ചില്ല.

(ബി) സംസ്ഥാനത്തിലെ 9 സ്കൂളുകളെ ആശ്വാസ് പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly